**കേരള കാർഷിക സർവകലാശാല**
കാർഷിക കോളേജ് , വെള്ളായണി
**"സേഫ് റ്റു ഈറ്റ് - പദ്ധതി"**

# ജൂലൈ 2018 മുതൽ ഡിസംബർ 2018 വരെയുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ റിപ്പോർട്ട്

കേരളത്തിലെ വിപണിയിലെത്തുന്ന പഴങ്ങളിലെയും പച്ചക്കറികളിലെയും കീടനാശിനികളുടെ അവശിഷ്ടവിഷാംശം പരിശോധിച്ച് അതിന്റെ നിജസ്ഥിതി കൃത്യമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ കേരള കാർഷിക സർവകലാശാലയിൽ നടന്നു വരുന്ന "സേഫ് റ്റു ഈറ്റ്" പദ്ധതിയുടെ ജൂലൈ 2018 മുതൽ ഡിസംബർ 2018 വരെ നടത്തിയ പഠനങ്ങളുടെ ക്രോഡീകരിച്ച 45 ാമത്തെ റിപ്പോർട്ടാണിത്. കീടനാശിനി പരിശോധനാ രംഗത്ത് ISO 17025:2005 എന്ന NABL അക്രഡിറ്റേഷനുള്ള വെള്ളായണി കാർഷിക കോളേജിൽ സ്ഥിതി ചെയ്യുന്ന കീടനാശിനി അവശിഷ്ട പരിശോധന ലാബറട്ടറിയിലാണ് പഠനങ്ങൾ നടന്ന് വരുന്നത്. വിദേശനിർമിതവും, അതിനൂതനവും, അത്യധികം കാര്യക്ഷമവും, കീടനാശിനിയുടെ നൂറു കോടിയിൽ ഒര് അംശം പോലും കണ്ടെത്താൻ കഴിവുള്ളതും ആയ ഗ്യാസ് ക്രൊമറ്റോഗ്രാഫ് മാസ്സ് സ്പെക്ട്രോമീറ്റർ, ലിക്വിഡ് ക്രൊമറ്റോഗ്രാഫ് മാസ്സ് സ്പെക്ട്രോമീറ്റർ തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്തോടെയാണ് കീടനാശിനി പരിശോധന നടത്തുന്നത്. കീടനാശിനി അവശിഷ്ട പരിശോധനക്കായി സാമ്പിളുകൾ ശേഖരിക്കുന്നതിന് പരിശീലനം നേടിയ റിസേർച്ച് ഫെല്ലോകളുമാണ് സാമ്പിൾ ശേഖരിക്കുന്നത്.

മലയാളി കഴിക്കുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശം എത്രയാണെന്ന് പരിശോധിച്ച് അതിന്റെ വിവരം കേരള സർക്കാർ വെബ് സൈറ്റായ "www.kerala.gov.in" ൽ പരസ്യപ്പെടുത്തുകയാണ് ചെയ്യുന്നത്.

## സാമ്പിൾ ശേഖരണം

ഈ പദ്ധതി പ്രകാരം പച്ചക്കറികളും, പഴവർഗ്ഗങ്ങളും നാലു തരത്തിലാണ് ശേഖരിക്കാറുള്ളത്.

**1. പൊതുവിപണിയിൽ നിന്ന് ശേഖരിക്കുന്നവ-** പൊതുജനങ്ങൾ പച്ചക്കറികൾക്കും, പഴവർഗ്ഗങ്ങൾക്കുമായി സമീപിക്കുന്ന പൊതുവിപണി/തുറന്ന ചന്തകൾ തുടങ്ങിയവയിൽ നിന്നുമാണ് സാമ്പിളുകൾ ശേഖരിക്കുന്നത്. പരിശീലനം സിദ്ധിച്ച

റിസേർച്ച് ഫെല്ലോകൾ ഒരു സാധാരണ ഉപഭോക്താക്കളെ പോലെ വിപണിയിൽ ചെല്ലുകയും വില നൽകി പച്ചക്കറി/പഴവർഗ്ഗ സാമ്പിളുകൾ ശേഖരിക്കുകയുമാണ് ചെയ്യുന്നത്.

**2. കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന-** കർഷകർ വിളവെടുക്കുന്ന സമയം കൃഷി സ്ഥലത്ത് നേരിട്ട് ചെന്ന് സാമ്പിളുകൾ ശേഖരിക്കുന്നു. കീടനാശിനി അവശിഷ്ട പരിശോധനയ്ക്കായിട്ടാണ് സാമ്പിളുകൾ ശേഖരിക്കുന്നത് എന്ന അറിവോടെയാണ് കർഷകർ സാമ്പിളുകൾ നൽകുന്നത്. കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയാൽ ഉറവിടം മനസ്സിലാക്കി ബോധവൽക്കരണം നടത്താനും ഇത്തരം സാമ്പിൾ ശേഖരണം സഹായിക്കുന്നു. ചില ഘട്ടങ്ങളിൽ റിസേർച്ച് ഫെല്ലോകൾ കൃഷി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തന്നെയാണ് സാമ്പിളുകൾ ശേഖരിക്കുന്നത്.

**3. “ജൈവം” എന്ന ലേബലിൽ വിൽക്കുന്നവ:** ‘‘ജൈവം’’ എന്ന ലേബലിൽ പച്ചക്കറികൾ വിൽക്കുന്ന വിൽപ്പനശാലകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി പരിശോധനയ്ക്ക് വിധേയമാക്കുന്നു.

4. **“ഇക്കോ ഷോപ്പ്” വഴി വിൽക്കുന്നവ:** കൃഷി ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള നിരീക്ഷണത്തിലും ശുപാർശയിലും വിളയിക്കുന്ന പച്ചക്കറികളും, പഴവർഗ്ഗങ്ങളും വിൽക്കുന്ന ‘‘ഇക്കോ ഷോപ്പുകളിൽ’ നിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനയ്ക്ക് വിധേയമാക്കുന്നു. ചില ‘‘ഇക്കോ ഷോപ്പുകളിൽ’’നിന്നും കൃഷി ഉദ്യോഗസ്ഥർ തന്നെ സാമ്പിളുകൾ ശേഖരിച്ച് പരിശോധയ്ക്കായി നൽകുന്നു.

## റിപ്പോർട്ടിലെ കണ്ടെത്തലിൻമേലുള്ള അവലോകനം

ജൂലൈ 2018 മുതൽ ഡിസംബർ 2018 വരെ പരിശോധന നടത്തിയ 560 ഭക്ഷ്യവസ്തുക്കളിൽ 103 ൽ മാത്രമെ (18.39%) കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയുള്ളൂ. 19.70% പച്ചക്കറികളിലും, 5.20% പഴവർഗ്ഗങ്ങളിലും, 52.94% സുഗന്ധവ്യഞ്ജനങ്ങളിലുമാണ് കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയത്. എന്നാൽ പൊതുവിപണിയിൽ നിന്നും ശേഖരിച്ച മറ്റ് ഭക്ഷ്യവസ്തുക്കളായ പയർ, റവ, അരി, സോയാബീൻ എന്നിവയിൽ യാതൊരു കീടനാശിനി അവശിഷ്ടവും കണ്ടെത്തിയിട്ടില്ല (**പട്ടിക** 1).

### I. പൊതുവിപണിയിലെ സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:

#### 1. പച്ചക്കറികൾ

ചുവപ്പ് ചീര, ബീൻസ്, പാവൽ, വഴുതന, കത്തിരി, സാമ്പാർ മുളക്, പച്ചമുളക്, കോവയ്ക്ക, വെള്ളരി, ഉരുളക്കിഴങ്ങ്, പടവലം, പയർ, ബജി മുളക്, മല്ലിയില, കറിവേപ്പില, പുതീനഇല എന്നീ പച്ചക്കറികളിലാണ് കീടനാശിനി

സാന്നിദ്ധ്യം കണ്ടെത്തിയത്. ഈ റിപ്പോർട്ട് പ്രകരം ക്ളോർപൈറിഫോസ്, കാർബൻഡാസിം, ഇമിഡാക്ലോപ്രിഡ്, അസഫേറ്റ്, അസറ്റാമിപ്രിഡ്, ഫ്ളുബെൻറ്റാമൈഡ്, എത്തയോൺ, പ്രൊഫെനോഫോസ്, ബൈഫെൻത്രിൻ, സൈപെർമെത്രിൻ എന്നീ കിടനാശിനികളും, കാർബൻഡാസിം, ടെബുകൊണാസോൾ, മെറ്റലാക്സിൽ എന്നീ കുമിൾനാശിനികളും, ട്രയസൈകളസോൾ എന്ന കളനാശിനികളുമാണ് വിവിധ സാമ്പിളുകളിൽ നിന്നും കണ്ടെത്തിയത്. കണ്ടെത്തിയ കീടനാശിനികളിൽ കാർബൻഡാസിം പടവലത്തിലും, വെള്ളരിയിലും, കോവയ്ക്കയിലും, ബീൻസിലും അസറ്റാമിപ്രിഡ്, ഇമിഡാക്ലോപ്രിഡ്, ടെബുകൊണാസോൾ എന്നിവ മുളകിലും, മാത്രമേ ശുപാർശ ചെയ്തിട്ടുള്ളു. കീടനാശിനി സാന്നിദ്ധ്യമുള്ള മറ്റെല്ലാ പച്ചക്കറികളിലും ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനികളാണ് കണ്ടെത്തിയത് എന്നത് ആശങ്കാജനകമാണ്. ഇവയിൽ മിക്ക വയുടെയും അനുവദനീയ പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല. അതായത് കൃഷി ഉദ്യോഗസ്ഥരുടെയോ, ശാസ്ത്രഞ്ജരുടെയോ ഉപദേശം കൂടാതെ കർഷകർ സ്വയം കീടനാശിനി വാങ്ങി ഉപയോഗിക്കുന്നു എന്നതിനു തെളിവാണിത്. പൊതുവിപണിയിൽ നിന്നും ശേഖരിച്ച ഇത്തരം പച്ചക്കറികളുടെ ഉറവിടം മനസ്സിലാക്കാൻ കഴിയാത്തതിനാൽ നിയന്ത്രണ നടപടികളും, ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുക ബുദ്ധിമുട്ടായി തീരുന്നു.

ശുപാർശ ചെയ്തിട്ടുള്ള കീടനാശിനികളുടെ അവശിഷ്ടം അനുവദനീയ പരിധിക്കുള്ളിലാണ് എന്നത് ആശ്വാസകരമാണ്. വിദഗ്ദ്ധ ഉപദേശത്തോടെയാണ് ഈ പച്ചക്കറി ഉൽപ്പാദനം നടന്നതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. **(പട്ടിക** 2).

2. <u>**പഴവർഗ്ഗങ്ങൾ**</u>

ആപ്പിളിന്റെ ഒരു സാമ്പിളിലും, മുന്തിരിയിലെ രണ്ട് സാമ്പിളുകളിലും കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ മുന്തിരിയിലെ ഒരു സാമ്പിളിൽ കേരളത്തിൽ നിരോധിച്ച പ്രൊഫെനോഫോസ് എന്ന കീടനാശിനി കണ്ടെത്തിയത് ആശങ്ക ജനിപ്പിക്കുന്നു. ആപ്പിളിലെ കീടനാശിനി സാന്നിദ്ധ്യം വളരെ വിരളം ആണെങ്കിലും മുന്തിരിയിൽ നിരന്തരം കീടനാശിനി കണ്ടെത്തി വരുന്നു.

3. <u>**സുഗന്ധവ്യഞ്ജനങ്ങൾ**</u>

പൊതുവിപണിയിൽ നിന്നും ശേഖരിച്ച രണ്ട് വറ്റൽമുളക് സാമ്പിളിലും കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തി. നിരോധിത കീടനാശിനിയായ പ്രൊഫനോഫോസ് ഉൾപ്പെടെ മൂന്ന് കീടനാശിനികളാണ് കണ്ടെത്തിയത്. വറ്റൽമുളക്, മുളക് പൊടി ഇവയുടെ ഉപയോഗം കേരളത്തിൽ വളരെ കൂടുതൽ ആയതിനാൽ വറ്റൽമുളകിലെ കീടനാശിനി സാന്നിദ്ധ്യം ആശങ്ക ജനിപ്പിക്കുന്നു.

എന്നാൽ വറ്റൽമുളകിന്റെ ഉൽപാദനം പൂർണ്ണമായും അന്യസംസ്ഥാനങ്ങളിൽ ആയതിനാൽ കീടനാശിനി പ്രയോഗത്തിൽ ഉള്ള ഇടപ്പെടൽ ബുദ്ധിമുട്ടുണ്ടാകുന്നു.

കേരളത്തിന്റെ "സുഗന്ധറാണി" എന്ന് അറിയപ്പെടുന്ന ഏലയ്ക്കയിലും ആ വിളയ്ക് ശുപാർശ ചെയ്യാത്ത മൂന്ന് കീടനാശിനികൾ കണ്ടെത്തിയിട്ടു ്. പൊതുവിപണിയിൽ നിന്നും ശേഖരിച്ച സാമ്പിളുകളുടെ വിശദവിവരം പേജ് 12 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## II. കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്

### 1. പച്ചക്കറികൾ:

കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച 15 ഇനം പച്ചക്കറികളിലാണ് കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയത്. പച്ചമുളക്, പയർ, വഴുതന/കത്തിരി, പാവൽ എന്നിവയിലാണ് കീടനാശിനി കൂടുതൽ ആയി കണ്ടെത്തിയത്. എകദേശം 21 കീടനാശിനികളുടെ സാന്നിദ്ധ്യം ഈ പച്ചക്കറികളിൽ കണ്ടെത്തി. അതിൽ ഇമിഡാക്ലോപ്രിഡ് എന്ന കീടനാശിനി പച്ചമുളകിൽ അനുവദനീയ പരിധിക്ക് മുകളിലായി കണ്ടു. ഫ്ളുബെൻറ്റാമൈഡ്, കാർബൻഡാസിം, സൈപെർമെത്രിൻ, ഇന്റോക്സാകാർബ്, അസഫേറ്റ്, ഫെൻപ്രോപാത്രിൻ, ഇമിഡാക്ലോപ്രിഡ്, അസോക്സിസ്റ്റ്രോബിൻ, ക്ളോർപൈറിഫോസ്, ബൈഫെൻത്രിൻ, എത്തയോൺ, അസറ്റാമിപ്രിഡ്, ബുപ്രോഫെസിൻ, തയാമെറ്റോക്സാം, ഒമത്തവേറ്റ്, ലാംബ്ഡാ സൈഹാലോത്രിൻ, ക്യുനാൽഫോസ്, ടെബുകൊണാസോൾ, ഡൈഫിനൊകൊണസോൾ, ട്രയസോഫാസ് എന്നീ കീടനാശിനികളാണ് വിവിധ പച്ചക്കറികളിൽ നിന്നും കണ്ടെത്തിയത്. ഇതിൽ ഒട്ടു മിക്ക കീടനാശിനികളും അതാത് വിളകളിൽ ശുപാർശ ചെയ്യാത്തതാണ്. അതിനാൽ അനുവദനീയ പരിധിയും നിശ്ചയിച്ചിട്ടില്ല. എന്നാൽ കാർബൻഡാസിം ചീരയിലും, വെണ്ടയിലും, പച്ചമുളകിലും ഫെൻപ്രോപാത്രിൻ വെണ്ടയിലും, ഇമിഡാക്ലോപ്രിഡ് കത്തിരിയിലും, സാമ്പാർമുളകിലും, അസറ്റാമിപ്രിഡ്, തയാമെറ്റോക്സാം എന്നിവ പച്ചമുളകിലും എത്തയോൺ വെള്ളരിയിലും, ഡൈമെത്തോയേറ്റ് പയറിലും ശുപാർശ ചെയ്തിട്ടുള്ളതാണ്. ആശ്വാസം എന്ന് പറയട്ടെ കണ്ടെത്തിയ കീടനാശിനികളിൽ ശുപാർശ ചെയ്തിട്ടുള്ള എല്ലാം തന്നെ അനുവദനീയ പരിധിക്ക് താഴെയാണ് (**പട്ടിക** 4).

### 2. സുഗന്ധവ്യഞ്ജനങ്ങൾ:

സുഗന്ധവ്യഞ്ജനത്തിന്റെ റാണി എന്ന് അറിയപ്പെടുന്ന ഏലയ്ക്കയിലെ സ്ഥിതി വിഭിന്നമാണ്. പരിശോധിച്ച 8 സാമ്പിളുകളിൽ 6 എണ്ണത്തിലും കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട് (75%). കേരളത്തിൽ

2011-ൽ നിരോധിച്ച ട്രയസോഫാസ് ഉൾപ്പെടെ 7 കീടനാശിനികൾ ഏലയ്ക്കയിൽ നിന്ന് കണ്ടെത്തി. അതിൽ ക്യനാൽഫോസ് എന്ന കീടനാശിനി മാത്രമെ കേന്ദ്രകീടനാശിനി ബോർഡ് (CIB&RC) ഏലയ്ക്കയിൽ ശുപാർശ ചെയ്തിട്ടുള്ളു. എന്നാൽ അതിന്റെ വിഷാംശം അനുവദനീയ പരിധിക്ക് മുകളിലാണെന്നും ഈ പഠനം സുചിപ്പിക്കുന്നു. ഏലയ്ക്ക പ്രധാനമായും കൃഷി ചെയ്യുന്ന ഇടുക്കി ജില്ല, അതിർത്തി ജില്ലയായതിനാൽ നിരോധിത കീടനാശിനികൾ മറ്റ് അയൽ സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കാനുള്ള സാഹചര്യം കൂടുതലാണ്. ആയതിനാൽ കേരളത്തിൽ നിരോധിച്ച കീടനാശിനികൾ മറ്റ് അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത് പ്രതിരോധിക്കാനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തേ ത് അത്യാവശ്യമാണ്. ''നല്ലപരിപാലന മുറകൾ''(GAP) ഏല കൃഷിയിൽ നടപ്പിലാക്കുകയും, ശുപാർശ ചെയ്ത കീടനാശിനികൾ അനുവദനീയ തോതിൽ മാത്രം ഉപയോഗിക്കാൻ കർഷകരെ ബോധവൽക്കരിക്കേണ്ടതും അത്യാവശ്യമാണ്.

കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച സാമ്പിളുകളിലെ കീടനാശിനി കണ്ടെത്താത്തതിന്റെ വിവരണം പേജ് 16 ൽ ലഭ്യമാണ്.

## III. "ജൈവം" എന്ന ലേബലിൽ വിൽക്കുന്ന സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:

**പച്ചക്കറികൾ:**

ബീൻസ്, പാവൽ, പച്ചമുളക്, പയർ, കാപ്സിക്കം എന്നീ പച്ചക്കറി സാമ്പിളുകളിലാണ് കീടനാശിനി കണ്ടെത്തിയത്. ഇവയിലേറെയും അതത് വിളകളിൽ ശുപാർശ ചെയ്യാത്ത കീടനാശിനികളാണ് എന്നത് ആശങ്കാജനകമാണ്. പച്ചമുളകിന്റെ ഒരു സാമ്പിളിൽ കണ്ടെത്തിയ ലാംബ്ഡാ സൈഹാലോത്രിൻ എന്ന കീടനാശിനി അനുവദനീയ പരിധിക്ക് മുകളിലായിരുന്നുതാനും. (**പട്ടിക** 6).

"ജൈവ" ഉൽപ്പന്നം എന്ന വിശ്വാസത്തിൽ വാങ്ങുന്ന ഉപഭോക്താക്കൾ വഞ്ചിക്കപ്പെടുന്ന സാഹചര്യമാണ് ഇതു മൂലമുണ്ടാകുന്നത്. "ജൈവം" എന്ന ലേബലിൽ വിറ്റ പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും യാതൊരു കീടനാശിനിയും കണ്ടെത്താത്തതിന്റെ വിവരണം പേജ് 18 ൽ ലഭ്യമാണ്.

## IV. ഇക്കോ ഷോപ്പ് സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്

ഇക്കോ ഷോപ്പുകളിൽ നിന്നും ശേഖരിച്ച പച്ചക്കറികളിൽ 27.27% ത്തിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. പച്ചമുളകിലാണ് ഏറ്റവും അധികം കീടനാശിനികൾ കണ്ടെത്തിയത്. അസഫേറ്റ്, ഇമിഡാക്ലോപ്രിഡ്, തയാമെതോക്സാം, പ്രൊഫെനോഫോസ്, എത്തയോൺ, ലാംബ്ഡാ സൈഹാലോത്രിൻ, കാർബൻഡാസിം, തയാക്ലോപ്രിഡ്, ഇന്റോക്സാകാർബ് എന്നീ

കീടനാശിനികളാണ് പൊതുവിൽ ഇക്കോ ഷോപ്പുകളിൽ നിന്നും ശേഖരിച്ച പച്ചക്കറികളിൽ കണ്ടെത്തിയത്. നീരോധിച്ച കീടനാശിനിയായ പ്രൊഫെനോഫോസ് എന്ന കീടനാശിനിയും പച്ചമുളകിൽ കണ്ടെത്തിയിട്ടുണ്ട്. കണ്ടെത്തിയ കീടനാശിനികളിൽ ഇമിഡാക്ലോപ്രിഡ് പച്ചമുളകിലും കാർബൻഡാസിം സലാഡ് വെള്ളരിയിലും, തയാക്ലോപ്രിഡ് വഴുതനയിലും മാത്രമെ ശുപാർശ ചെയ്തിട്ടുള്ളു. മറ്റെല്ലാ കീടനാശിനികളും ശുപാർശ കൂടാതെയാണ് വിളകളിൽ പ്രയോഗിച്ചിരിക്കുന്നത്. ശുപാർശ ചെയ്തതിൽ തന്നെ തയാക്ലോപ്രിഡ് വഴുതനയിലും ഇമിഡാക്ലോപ്രിഡ് പച്ചമുളകിലും അനുവദനീയ പരിധിക്ക് മുകളിലാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ്. കർഷകരുടെ സസ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ കൃഷി ഉദ്യോഗസ്ഥരുടെ ഉപദേശങ്ങളുടെ അഭാവമോ, അഥവാ അത് പ്രായോജനപ്പെടുത്തുന്നതിൽ കർഷകരുടെ അലംഭാവമോ ആണ് ഈ സാഹചര്യം സൃഷ്ടിക്കുന്നത്. കീടനാശിനി വിപണന സംവിധാനങ്ങൾ നിയന്ത്രണവിധേയമാക്കുകയും കർഷക കേന്ദ്രീകൃതമായ അവബോധന പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഇക്കോഷോപ്പുകളിലെ സാമ്പിളുകളിൽ കീടനാശിനി സാന്നിദ്ധ്യം ഇല്ലാത്തവ പേജു നമ്പർ 19-20 ൽ ചേർത്തിട്ടു ്.

## ഈ റിപ്പോർട്ടിലെ ചില പ്രധാന ക ത്തലുകൾ

1. ജൂലൈ മുതൽ ഡിസംബർ 2018 വരെ പരിശോധിച്ച 18.39% ഭക്ഷ്യവസ്തുക്കളിൽ മാത്രമാണ് കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളത്. 18.30% പച്ചക്കറികളിലും 7.69% പഴവർഗ്ഗങ്ങളിലും, 52.64% സുഗന്ധവ്യഞ്ജനങ്ങളുമാണ് ഇവ.

2. ഭക്ഷ്യവസ്തുക്കളിൽ കണ്ടെത്തിയ മിക്ക കീടനാശിനികളും ആ വിളകളിൽ ശുപാർശ ചെയ്യാത്തതാണ്. ആയതിനാൽ അവയുടെ അനുവദനീയ പരിധിയും നിഷകർഷിച്ചിട്ടില്ല. ഒരോ വിളകളിലും ശുപാർശ ചെയ്ത കീടനാശിനികൾ മാത്രം നിഷകർഷിക്കപ്പെട്ട രീതിയിൽ പ്രയോഗിച്ചാൽ ഭക്ഷ്യവസ്തുക്കളിൽ അവശിഷ്ടവിഷാംശ തോത് പരിമിതപ്പെടുത്താനാകും. ശരിയായ കൃഷിമുറകൾ പ്രകാരം ചെടികളിൽ പ്രയോഗിക്കുന്ന കീടനാശിനികളുടെ പരമാവധി അവശിഷ്ട വിഷാംശത്തിന്റെ അളവാണ് പരമാവധി അവശിഷ്ട വിഷാംശ പരിധി (MRL) എന്ന് സുചിപ്പിക്കുന്നത്. 2006-ലെ ഭക്ഷ്യസുരക്ഷിതത്വ നിയമം പരമാവധി അവശിഷ്ട വിഷാംശ പരിധി ഒരോ കീടനാശിനിയ്ക്കും ഒരോ വിളകളിലും നിശ്ചയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളിൽ അവശിഷ്ട വിഷാംശം ഈ പരിധിയ്ക്ക് മുകളിലായാൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ഈ പരിധി തിട്ടപ്പെടുത്തുന്ന ചുമതല ഭക്ഷ്യസുരക്ഷാ വകുപ്പി ( FSSAI)ലാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ ഈ റിപ്പോർട്ടിൽ കണ്ടെത്തിയ മിക്ക കീടനാശിനികളുടെയും അനുവദീന പരിധി തിട്ടപ്പെടുത്തിയിട്ടില്ലാത്തതു കാരണം

പരിശോധിച്ച ഭക്ഷ്യവസ്തുക്കൾ ഭക്ഷ്യയോഗ്യമാണോ അല്ലയോ എന്ന് നിശ്ചയിക്കാന്കÀഴിയുന്നില്ല.

3. പച്ചക്കറികളെ താരത്മ്യം ചെയ്താൽ പഴവർഗ്ഗങ്ങളിലെ കീടനാശിനി സാന്നിദ്ധ്യം വളരെ കുറവാണെന്നാണ് ഈ റിപ്പോർട്ട് സുചിപ്പിക്കുന്നത് (7.69%). പഴവർഗ്ഗങ്ങളിൽ മുന്തിരിയിലാണ് കീടനാശിനി സാന്നിദ്ധ്യം കൂടുതൽ ആയി കാണപ്പെടുന്നത്.

4. സുഗന്ധവ്യഞ്ജനങ്ങളിൽ വറ്റൽമുളകിലെയും ഏലയ്ക്കയിലെ കീടനാശിനി സാന്നിദ്ധ്യം ആശങ്ക ജനിപ്പിക്കൂന്നു. കേരളത്തിലെ ഉപഭോഗതോത് കണക്കിലെടുത്താൽ വറ്റൽമുളകിലെ കീടനാശിനി സാന്നിദ്ധ്യം ഏറെ ചർച്ചചെയ്യേ വിഷയമാണ്. വറ്റൽമുളകിലെ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിലാണ് കൃഷി ചെയ്യപ്പെടുന്നത്. സസ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കേ തു അതാത് സംസ്ഥാനങ്ങളാണ്

5. ഇക്കോ ഷോപ്പുകളിലൂടെ വിൽക്കൂന്ന 27.27% പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം ഗൗരവത്തോടെ വീക്ഷിക്കേണ്ടതാണ്. കീടനാശിനി വിപണന രംഗത്തെ നിയന്ത്രണങ്ങൾ കർശനമാക്കൂകയും കാർഷിക അവബോധന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

6. ''ഓർഗാനിക്ക്/ജൈവീകം'' എന്ന ലേബലിൽ ഉയർന്ന വിലക്ക് വിൽക്കൂന്ന പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യ(10.16%) ത്തിനെതിരെ സത്വര നടപടികൾ അനിവാര്യമാണ്. ഈ കാര്യത്തിൽ സംസ്ഥാന ഭക്ഷ്യസുരക്ഷാ വകൂപ്പിന്റെ സഹകരണം തേടാവുന്നതാണ്.

7. 2011-ൽ കേരളത്തിൽ നിരോധിച്ച പ്രൊഫെനോഫോസ് എന്ന കീടനാശിനി കറിവേപ്പിലയിലും, മുന്തിരിയിലും, വറ്റൽമുളകിലും, പച്ചമുളകിലും, ട്രയസോഫാസ് ഏലയ്ക്കയിലും കണ്ടെത്തിയത് അതീവ ഗുരുതരമായി മനസ്സിലാക്കി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിൽ ഏലയ്ക്ക പൂർണ്ണമായും കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കൂന്നതാകയാൽ ഇടുക്കി ജില്ല കേന്ദ്രീകരിച്ച് കീടനാശിനി വിപണനവും-ഉപയോഗപ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതും നിയന്ത്രിക്കേണ്ടതുമാണ്.

## അനുബന്ധം

## പട്ടിക 1. ഭക്ഷ്യവസ്തുക്കളിൽ കണ്ടെത്തിയ കീടനാശിനി അവശിഷ്ട തോത്

| ക്രമ നമ്പർ | ഇനം | ഉറവിടം | എണ്ണം | കീടനാശിനി അവശിഷ്ടം കണ്ടെത്തിയവ | |
|---|---|---|---|---|---|
| | | | | എണ്ണം | ശതമാനം (%) |
| 1. | പച്ചക്കറികൾ | പൊതുവിപണി | 123 | 25 | 20.32% |
| | | കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് വിൽക്കുന്നവ | 293 | 54 | 18.43% |
| | | ജൈവപച്ചക്കറി മാർക്കറ്റുകൾ | 59 | 6 | 10.16% |
| | | കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകൾ | 22 | 6 | 27.27% |
| | **മൊത്തം** | | **497** | **91** | **18.30%** |
| | | | | | |
| 2. | പഴവർഗ്ഗങ്ങൾ | പൊതുവിപണി | 24 | 3 | 12.5% |
| | | കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് വിൽക്കുന്നവ | 7 | 0 | 0% |
| | | ജൈവപച്ചക്കറി മാർക്കറ്റുകൾ | 3 | 0 | 0% |
| | | കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകൾ | 5 | 0 | 0% |
| | **മൊത്തം** | | **39** | **3** | **7.69%** |
| | | | | | |
| 3. | സുഗന്ധവ്യഞ്ജനങ്ങൾ | പൊതുവിപണി | 5 | 3 | **60.00%** |
| | | കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് വിൽക്കുന്നവ | 12 | 6 | **50.00%** |
| | **മൊത്തം** | | **17** | **9** | **52.94%** |
| | | | | | |
| 4. | മറ്റു ഭക്ഷ്യവസ്തുക്കൾ | പൊതുവിപണി | 7 | 0 | 0% |
| **മൊത്തം** | | | **7** | **0** | **0%** |
| | | | | | |

| | | |
|---|---|---|
| **മൊത്തം എണ്ണം: 560** | **കീടനാശിനി അവശിഷ്ടം കണ്ടെത്തിയവ എണ്ണം: 103** | **ശതമാനം : 18.39%** |

## പട്ടിക 2. <u>പൊതുവിപണിയിലെ സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:</u>

| ക്രമ നമ്പർ | ഇനം | കീടനാശിനി കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണം/ മൊത്തം എണ്ണം | കണ്ടെത്തിയ കീടനാശിനി | കീടനാശിനി യുടെ അളവ് (പി.പി.എം) | പരാമർശങ്ങൾ |
|---|---|---|---|---|---|
| | | | **പച്ചക്കറികൾ** | | |
| 1. | ചുവപ്പ് ചീര | 1/2 | ക്ളോർപൈറിഫോസ് | 0.07 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 2. | ബീൻസ് | 1/7 | കാർബൻഡാസിം | 0.48 | ശുപാർശചെയ്തിട്ടുള്ളകീട നാശിനി, (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |

| | | | | | |
|---|---|---|---|---|---|
| 3. | പാവൽ | 3/6 | ഇമിഡാക്ലോപ്രിഡ് | 0.08 - 0.16 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | അസഫേറ്റ് | 0.42 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 4. | വഴുതന | 1/5 | അസഫേറ്റ് | 0.15 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 5. | കത്തിരി | 2/7 | അസഫേറ്റ് | 0.07 - 0.26 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 6. | സാമ്പാർ മുളക് | ½ | അസറ്റാമിപ്രിഡ് | 0.27 | ശുപാർശചെയ്തിട്ടുള്ളകീട നാശിനി, (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| | | | ഇമിഡാക്ലോപ്രിഡ് | 0.15 | ശുപാർശചെയ്തിട്ടുള്ളകീട നാശിനി, (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 7. | പച്ചമുളക് | 4/8 | അസഫേറ്റ് | 0.05 - 0.23 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഇമിഡാക്ലോപ്രിഡ് | 0.05 - 0.55 | ശുപാർശചെയ്തിട്ടുള്ളകീട നാശിനി, (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് മുകളിൽ |
| | | | ടെബുകൊണാസോൾ | 0.18 | ശുപാർശചെയ്തിട്ടുള്ളകീട നാശിനി, (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 8. | കോവയ്ക്ക | 1/3 | അസഫേറ്റ് | 0.09 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | കാർബൻഡാസിം | 0.07 | ശുപാർശചെയ്തിട്ടുള്ളകീട നാശിനി, (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 9. | വെള്ളരി | 1/6 | കാർബൻഡാസിം | 0.09 | ശുപാർശചെയ്തിട്ടുള്ളകീട നാശിനി, (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 10. | ഉരുളക്കിഴങ്ങ് | 1/3 | അസഫേറ്റ് | 0.35 | ശുപാർശ ചെയ്തിട്ടില്ലാത്ത |

| | | | | | |
|---|---|---|---|---|---|
| | | | | | കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 11. | പടവലം | 2/7 | കാർബൻഡാസിം | 0.29 - 0.9 | ശുപാർശചെയ്തിട്ടുള്ളകീട നാശിനി, (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് മുകളിൽ |
| 12. | പയർ | 3/5 | അസഫേറ്റ് | 0.06 - 0.07 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഫ്ളുബെൻറ്റാമൈഡ് | 0.12 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| | | | ക്ളോർപൈറിഫോസ് | 0.07 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| 13. | ബജി മുളക് | 1/1 | അസഫേറ്റ് | 0.22 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 14. | മല്ലിയില | 1/1 | എത്തയോൺ | 1.44 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| 15. | കറിവേപ്പില | 2/3 | ട്രയസൈകളസോൾ | 0.14 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| | | | ടെബുകൊണാസോൾ | 1.3 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| | | | പ്രൊഫെനോഫോസ് **(കേരളത്തിൽ നിരോധിച്ച കീടനാശിനി)** | 0.08 - 0.43 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| | | | ബൈഫെൻത്രിൻ | 0.08 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 16. | പുതീനഇല | 2/2 | ക്ളോർപൈറിഫോസ് | 0.07 - 0.18 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | ഇമിഡാക്ലോപ്രിഡ് | 0.12 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| **പഴവർഗ്ഗങ്ങൾ** | | | | | |
| 19. | ആപ്പിൾ | 1/5 | ടെബുകൊണാസോൾ | 0.27 | ശുപാർശചെയ്തിട്ടുള്ളകീട നാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 20. | മുന്തിരി | 2/2 | കാർബൻഡാസിം | 0.60 - 1.14 | ശുപാർശചെയ്തിട്ടുള്ളകീട നാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| | | | പ്രൊഫെനോഫോസ് **(കേരളത്തിൽ നിരോധിച്ച കീടനാശിനി)** | 0.50 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| **സുഗന്ധവ്യഞ്ജനങ്ങൾ** | | | | | |
| 21. | വറ്റൽമുളക് | 2/2 | പ്രൊഫെനോഫോസ് **(കേരളത്തിൽ നിരോധിച്ച കീടനാശിനി)** | 3.11 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | എത്തയോൺ | 1.39 - 4.40 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | സൈപെർമെത്രിൻ | 0.07 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 22. | ഏലയ്ക്ക | 1/1 | മെറ്റലാക്സിൽ | 0.06 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | കാർബൻഡാസിം | 0.19 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | അസറ്റാമിപ്രിഡ് | 0.08 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |

## പട്ടിക 3. പൊതുവിപണിയിലെ സാമ്പിളുകളിലെ കീടനാശിനി കണ്ടെത്താത്തവ:

**പച്ചക്കറികൾ**

| | | | |
|---|---|---|---|
| 1. | പച്ച ചീര | 2. | കൂർക്ക |
| 3. | ബീറ്റ് റൂട്ട് | 4. | മുരിങ്ങക്ക |
| 5. | കറിക്കായ് | 6. | ചേന |
| 7. | വെണ്ടക്ക | 8. | നെല്ലിക്ക |
| 9. | ചൊരയ്ക്ക | 10. | മാങ്ങ |
| 11. | കാബേജ് | 12. | സവാള |
| 13. | കാരറ്റ് | 14. | കൊച്ചുള്ളി |
| 15. | കാബേജ് വയലറ്റ് | 16. | മത്തൻ |
| 17. | കോളിഫ്ളവർ | 18. | സലാഡ് വെള്ളരി |
| 19. | അമരയ്ക്ക | 20. | തക്കാളി |
| 21. | ചേമ്പ് | 22. | ഇഞ്ചി |

**പഴവർഗ്ഗങ്ങൾ**

23. ഏത്തപ്പഴം
24. പച്ചമുന്തിരി
25. പേരയ്ക്ക
26. മാമ്പഴം
27. ഓറഞ്ച്
28. കൈതച്ചക്ക
29. മാതളം
30. സപ്പോട്ട

**സുഗന്ധവ്യഞ്ജനങ്ങൾ**

31. ജീരകം
32. ഉലുവ

**മറ്റു ഭക്ഷ്യവസ്തുക്കൾ**

33. പയർ
34. റവ
35. അരി
36. സോയബീൻ

## പട്ടിക 4. കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:

| ക്രമ നമ്പർ | ഇനം | കീടനാശിനി കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണം/ മൊത്തം എണ്ണം | കണ്ടെത്തിയ കീടനാശിനി | കീടനാശിനിയുടെ അളവ് (പി.പി.എം) | പരാമർശങ്ങൾ |
|---|---|---|---|---|---|
| | | | **പച്ചക്കറികൾ** | | |
| 1. | ചുവപ്പ് ചീര | 4/9 | ഫ്ളുബെൻറ്റാമൈഡ് | 0.11 - 0.40 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| | | | കാർബൻഡാസിം | 0.10 | ശുപാർശചെയ്തിട്ടുള്ളകീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 2. | ബീൻസ് | 2/6 | സൈപെർമെത്രിൻ | 0.07 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഇന്റോക്സാകാർബ് | 0.24 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | ഫ്ളുബെൻറ്റാമൈഡ് | 0.08 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| 3. | വെ ക്ക | 2/22 | അസഫേറ്റ് | 0.06 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഫെൻപ്രോപാത്രിൻ | 0.06 | ശുപാർശചെയ്തിട്ടുള്ളകീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| | | | കാർബൻഡാസിം | 0.23 | ശുപാർശചെയ്തിട്ടുള്ളകീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 4. | പാവൽ | 6/21 | ഇമിഡാക്ലോപ്പ്രിഡ് | 0.19 - 0.81 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | അസോക്സിസ്ട്രോബിൻ | 0.52 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി ((നീല മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഫ്ളുബെൻറ്റാമൈഡ് | 0.06 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി ((നീല മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ക്ളോർപൈറിഫോസ് | 0.09 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ബൈഫെൻത്രിൻ | 0.06 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| 5. | വഴുതന | 5/14 | അസഫേറ്റ് | 0.08 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | എത്തയോൺ | 0.43 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഇമിഡാക്ലോപ്പ്രിഡ് | 0.05 - 0.26 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | അസറ്റാമിപ്രിഡ് | 0.17 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ബുപ്രോഫെസിൻ | 0.06 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 6. | കത്തിരി | 4/13 | അസഫേറ്റ് | 0.13 - 0.74 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി |

| | | | | | |
|---|---|---|---|---|---|
| | | | | | നിശ്ചയിച്ചിട്ടില്ല |
| | | | ഇമിഡാക്ലോപ്രിഡ് | 0.09 - 0.10 | ശുപാർശചെയ്തിട്ടുള്ളകീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 7. | സാമ്പാർ മുളക് | 2/6 | ഇമിഡാക്ലോപ്രിഡ് | 0.12 - 0.23 | ശുപാർശചെയ്തിട്ടുള്ളകീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| | | | ഫ്ളുബെൻറ്റാമൈഡ് | 0.12 | ശുപാർശചെയ്തിട്ടുള്ളകീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 8. | നെല്ലിക്ക | 1/4 | കാർബൻഡാസിം | 0.09 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 9. | പച്ചമുളക് | 7/16 | ഇമിഡാക്ലോപ്രിഡ് | 0.06 - 0.37 | ശുപാർശ ചെയ്തിട്ടില്ലാത്ത. കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധിക്ക് മുകളിൽ |
| | | | ഫ്ളുബെൻറ്റാമൈഡ് | 0.06 | ശുപാർശ ചെയ്തിട്ടില്ലാത്ത. കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| | | | എത്തയോൺ | 0.39 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | കാർബൻഡാസിം | 0.16 - 0.18 | ശുപാർശ ചെയ്തിട്ടു . കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധിക്ക് താഴെ |
| | | | ക്ളോർപൈറിഫോസ് | 0.18 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ബൈഫെൻത്രിൻ | 0.39 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | സൈപെർമെത്രിൻ | 0.08 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | അസറ്റാമിപ്രിഡ് | 0.08 | ശുപാർശചെയ്തിട്ടുള്ളകീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദനീയ പരിധിക്ക് താഴെ |
| | | | തയാമെറ്റോക്സാം | 0.21 | ശുപാർശചെയ്തിട്ടുള്ളകീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനൂവദനീയ പരിധിക്ക് താഴെ |
| 10. | കോവയ്ക്ക | 1/7 | തയാമെറ്റോക്സാം | 0.08 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്) അനൂവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| 11. | വെള്ളരി | 2/21 | എത്തയോൺ | 0.07 - 0.28 | ശുപാർശചെയ്തിട്ടുള്ളകീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദനീയ പരിധിക്ക് താഴെ |
| 12. | പടവലം | 2/24 | തയാമെറ്റോക്സാം | 0.63 | ശുപാർശ ചെയ്തിട്ടില്ലാത്ത |

| | | | | | |
|---|---|---|---|---|---|
| | | | | | കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്) അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ക്ളോർപൈറിഫോസ് | 0.70 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| 13. | പയർ | 14/32 | കാർബൻഡാസിം | 0.06 - 0.44 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ക്ളോർപൈറിഫോസ് | 0.06 - 0.33 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഡൈമെത്തോയേറ്റ് | 0.32 | ശുപാർശചെയ്തിട്ടുള്ളകീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദനീയ പരിധിക്ക് താഴെ |
| | | | എത്തയോൺ | 0.10 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഫ്ളുബെൻറ്റാമൈഡ് | 0.08 - 0.09 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഒമത്തവേറ്റ് | 0.06 - 0.14 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഫെൻവാലറേറ്റ് | 0.06 - 1.96 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ലാംബ്ഡാ സൈഹാലോത്രിൻ | 0.09 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ക്യുനാൽഫോസ് | 0.1 - 2.17 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| 14. | കാപ്സിക്കം (പച്ച) | 1/1 | അസഫേറ്റ് | 0.47 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | കാർബൻഡാസിം | 0.13 | ശുപാർശ ചെയ്തിട്ടു ്. കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധിക്ക് താഴെ |
| | | | ടെബുകൊണാസോൾ | 0.18 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഡൈഫിനൊകൊണസോൾ | 0.06 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| 15. | മല്ലിയില | 1/2 | അസറ്റാമിപ്രിഡ് | 0.06 | ശുപാർശ ചെയ്തിട്ടില്ലാത്ത |

| | | | | | |
|---|---|---|---|---|---|
| | | | | | കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| **സുഗന്ധവ്യഞ്ജനങ്ങൾ** | | | | | |
| **16.** | ഏലയ്ക്ക | 6/8 | സൈപെർമെത്രിൻ | 0.12 - 0.45 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ക്യുനാൽഫോസ് | 0.07 - 1.89 | ശുപാർശ ചെയ്തിട്ടു ̇. കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദീനിയ പരിധിക്ക് മുകളിൽ |
| | | | അസഫേറ്റ് | 0.32 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | കാർബൻഡാസിം | 0.46 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനൂവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ട്രയസോഫാസ് **(കേരളത്തിൽ നിരോധിച്ച കീടനാശിനി)** | 5.15 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ക്ളോർപൈറിഫോസ് | 0.34 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ലാംബ്ഡാ സൈഹാലോത്രിൻ | 0.30 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഇമിഡാക്ലോപ്രിഡ് | 0.28 - 0.50 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനൂവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |

**പട്ടിക 5. കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച സാമ്പിളുകളിലെ കീടനാശിനി കണ്ടെത്താത്തവ:**

**പച്ചക്കറികൾ**

| | | | |
|---|---|---|---|
| **1.** | പച്ച ചീര | **2.** | മത്തൻ |
| **3.** | കുമ്പളം | **4.** | തക്കാളി |
| **5.** | കറിക്കായ് | **6.** | പീച്ചങ്ങ |
| **7.** | ചൊരയ്ക്ക | **8.** | സലാഡ് വെള്ളരി |
| **9.** | കാബേജ് | **10.** | മരച്ചിനി |
| **11.** | കാരറ്റ് | **12.** | ചതുരപ്പയർ |
| **13.** | നിത്യവഴുതന | **14.** | വാഴക്കൂമ്പ് |
| **15.** | ചേമ്പ് | **16.** | ബീറ്റ് റൂട്ട് |
| **17.** | മുരിങ്ങക്ക | **18.** | കാബേജ് വയലറ്റ് |
| **19.** | ചേന | **20.** | അമരയ്ക്ക |
| **21.** | മാങ്ങ | **22.** | കറിവേപ്പില |
| **23.** | നേന്ത്രൻ | **24.** | വെളുത്തുള്ളി |
| **25.** | ഉരുളക്കിഴങ്ങ് | **26.** | പപ്പായ |

**പഴവർഗ്ഗങ്ങൾ**

**27.** പാഷൻ ഫ്രൂട്ട്
**28.** ഏത്തൻ
**29.** കൈതച്ചക്ക

30. നേന്ത്രൻ

സുഗന്ധവ്യഞ്ജനങ്ങൾ

31. മല്ലി
32. കുരുമുളക് പൊടി

## പട്ടിക 6. "ജൈവം" എന്ന ലേബലിൽ വിൽക്കുന്ന സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:

| ക്രമ നമ്പർ | ഇനം | കീടനാശിനി കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണം/ മൊത്തം എണ്ണം | കണ്ടെത്തിയ കീടനാശിനി | കീടനാശിനി യുടെ അളവ് (പി.പി.എം) | പരാമർശങ്ങൾ |
|---|---|---|---|---|---|
| 1. | ബീൻസ് | 1/3 | കാർബൻഡാസിം | 0.08 | ശുപാർശചെയ്തിട്ടുള്ള കീടനാശിനി(പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 2. | പാവൽ | 1/3 | അസറ്റാമിപ്രിഡ് | 0.09 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| | | | തയാമെറ്റോക്സാം | 0.22 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| 3. | പച്ചമുളക് | 2/4 | ലാംബ്ഡാ സൈഹാലോത്രിൻ | 0.06 | ശുപാർശചെയ്തിട്ടുള്ള കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധിക്ക് മുകളിൽ |
| | | | തയാമെറ്റോക്സാം | 0.12 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| 4. | പയർ | 1/3 | ക്ലോറാന്ത്രാനിലിപ്രോൾ | 0.57 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്) അനൂവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഫ്ളുബെൻറ്റാമൈഡ് | 0.08 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്) അനൂവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| 5. | കാപ്സിക്കം (പച്ച) | 1/3 | ടെബുകൊണാസോൾ | 0.22 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല |

| | | | | | |
|---|---|---|---|---|---|
| | | | | | വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഇപ്രോവാലികാർബ് | 0.05 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഫിപ്രോനിൽ | 0.06 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദീനിയ പരിധി നിശ്ചയിച്ചിട്ടില്ല |

## പട്ടിക 7. "ജൈവ ം" എന്ന ലേബലിൽ വിൽക്കുന്ന സാമ്പിളുകളിലെ കീടനാശിനി കണ്ടെത്താത്തവ:

**പച്ചക്കറികൾ**

1. ചുവപ്പ് ചീര
2. കുമ്പളം
3. ബീറ്റ് റൂട്ട്
4. വെണ്ടക്ക
5. വഴുതന
6. കത്തിരി
7. ശീമച്ചക്ക
8. കാബേജ്
9. കാബേജ് വയലറ്റ്
10. കാരറ്റ്
11. അമരയ്ക്ക
12. പീച്ചങ്ങ
13. മല്ലിയില
14. കറിവേപ്പില
15. മുരിങ്ങക്ക
16. ഇഞ്ചി
17. നെല്ലിക്ക
18. സലാഡ് വെള്ളരി
19. വെള്ളരി
20. പടവലം
21. തക്കാളി
22. ചോളം
23. കോവയ്ക്ക
24. ബജിമുളക്

**പഴവർഗ്ഗങ്ങൾ**

1. ഏത്തപ്പഴം
2. കൈതച്ചക്ക

## പട്ടിക 8. ഇക്കോ ഷോപ്പ് സാമ്പിളുകളിലെ കീടനാശിനി അവശിഷ്ടതോത്:

| ക്രമ നമ്പർ | ഇനം | കീടനാശിനി കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണം/ മൊത്തം എണ്ണം | കണ്ടെത്തിയ കീടനാശിനി | കീടനാശിനിയുടെ അളവ് (പി.പി.എം) | പരാമർശങ്ങൾ |
|---|---|---|---|---|---|
| 1. | പച്ചമുളക് | 1/1 | അസഫേറ്റ് | 0.23 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | ഇമിഡാക്ലോപ്രിഡ് | 1.04 | ശുപാർശ ചെയ്തിട്ടു ്. കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് മുകളിൽ |
| | | | തയാമെതോക്സാ | 1.13 | ശുപാർശ |

| | | | | | |
|---|---|---|---|---|---|
| | | | ം | | ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | പ്രൊഫെനോഫോസ് **(കേരളത്തിൽ നിരോധിച്ച കീടനാശിനി)** | 4.6 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| | | | എത്തയോൺ | 5.18 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 2. | പയർ | 1/2 | ലാംബ്ഡാ സൈഹാലോത്രിൻ | 0.15 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 3. | സലാഡ് വെള്ളരി | 1/1 | കാർബൻഡാസിം | 0.2 | ശുപാർശചെയ്തിട്ടുള്ള കീടനാശിനി(പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ |
| 4. | വെണ്ടക്ക | 1/2 | അസഫേറ്റ് | 0.55 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല |
| 5. | വഴുതന | 1/2 | തയാക്ലോപ്രിഡ് | 0.085 | ശുപാർശചെയ്തിട്ടുള്ള കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധിക്ക് മുകളിൽ |
| | | | അസഫേറ്റ് | 0.23 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |
| 6. | കോവക്ക | 1/2 | ഇന്റോക്സാകാർബ് | 0.09 | ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയപരിധി നിശ്ചയിച്ചിട്ടില്ല |

## പട്ടിക 9. ഇക്കോ ഷോപ്പ് സാമ്പിളുകളിലെ കീടനാശിനി കണ്ടെത്താത്തവ:

**പച്ചക്കറികൾ**

1. പച്ച ചീര
2. ചുവപ്പ് ചീര
3. പാവൽ

4. കത്തിരി
5. കാബേജ്
6. നെല്ലിക്ക
7. വെള്ളരി
8. പടവലം
9. തക്കാളി

**പഴവർഗ്ഗങ്ങൾ**

1. രസകദളിപ്പഴം
2. നേന്ത്രൻ
3. ഏത്തൻ
4. കപ്പപഴം